(ബി) ഇവിടെയുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിവരുന്നു. എഫ്.ഐ.ആർ. പ്രകാരം 6,47,55,000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) ഇപ്പോഴുണ്ടായ സംഘർഷത്തിൽ മുസ്ലീം- ഹിന്ദു വിഭാഗങ്ങളിൽപ്പെട്ടവരുടെ വീടുകളും കടകളുമാണ് അക്രമത്തിനിരയായത്.

(ഡി) കേസ് അന്വേഷണം അവസാനഘട്ടത്തിലാണ്.

മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ

173 (178) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറത്തിറക്കിയ കരട് വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഇ I-21566/12 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) മലപ്പുറം നഗരത്തിന്റെ 2 കി.മി. ചുറ്റളവിൽ സ്ഥിതിചെയ്യുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കുവാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ നിയമവകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ആഭ്യന്തര വകുപ്പിലെ പരിഷ്കാരങ്ങൾ

174 (179) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണ് ;

(ബി) പോലീസ് സേനാംഗങ്ങളുടെ എണ്ണത്തിൽ വരുത്തിയിട്ടുള്ള വർധനവ് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആറ് വനിതാപോലീസ് സ്റ്റേഷനുകളടക്കം 19 പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് വിഭാഗങ്ങൾ ജില്ലാ ക്രൈംബ്രാഞ്ചായി ഉയർത്തിയിട്ടുണ്ട്. 3 എസ്.എം.എസ്. യൂണിറ്റുകളെ ചാർജിംഗ് പോലീസ് സ്റ്റേഷനുകളായി ഉയർത്തുകയും 5 എസ്.എം.എസ്. യൂണിറ്റുകൾ പുതുതായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാൻ സ്കീമിന്റെ ഭാഗമായി ലഭിച്ചിട്ടുള്ള തുക വിനിയോഗിച്ച് ജനമൈത്രി പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഫ്ലാഗ്ഷിപ്പ് പദ്ധതി എന്നിവ വിപുലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ട്രാഫിക് പോലീസ് സ്റ്റേഷനെ അൾട്രാ മോഡേൺ ഹൈടെക് പോലീസ് സ്റ്റേഷനാക്കി ഉയർത്തിയിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ടെക്നോപാർക്കിൽ സൈബർ ഡോം തുടങ്ങുന്നതിനും കൊച്ചിയിൽ ഒരു റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി തുടങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. പി.സി/എച്ച്.സി. തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ യൂണിഫോം അലവൻസ് 2,750 (രണ്ടായിരത്തി എഴുന്നൂറ്റിയൻപത്) രൂപയിൽ നിന്നും 5000 (അയ്യായിരം) രൂപയായി ഉയർത്തിയിട്ടുണ്ട്. എ.എസ്.ഐ./ എസ്.ഐ./ ഡി.ഐ.-മാർക്ക് 2800 (രണ്ടായിരത്തി എണ്ണൂറ്) രൂപയിൽ നിന്നും 5100 (അയ്യായിരത്തി ഒരുനൂറ്) രൂപയായും ഡി.വൈ.എസ്.പി., എസ്.പി.(നോൺ ഐ.പി.എസ്) ഡെപ്യൂട്ടി കമാന്റന്റ് റാങ്കിലുള്ളവരുടെ യൂണിഫോം അലവൻസ് 3000 (മൂവായിരം) രൂപയിൽ നിന്നും (അയ്യായിരത്തി ഇരുന്നൂറ്റി അൻപത്) രൂപയായും ക്യാംപ് ഫോളോവർമാരുടേത് 2000 (രണ്ടായിരം) രൂപയിൽ നിന്ന് 4000 (നാലായിരം) രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സർവ്വീസിൽ 27 വർഷം പൂർത്തിയാക്കിയ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും 4-ാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്.

(ബി) സേനയുടെ അംഗബലം 4286 എണ്ണം കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്.

തിരുവല്ല മാർത്തോമ കോളേജിനു സമീപം കാർ കത്തിച്ച സംഭവം

175 (180) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല മാർത്തോമ കോളേജിനു സമീപം വീടിന്റെ പോർച്ചിൽ കിടന്ന കാർ കത്തിക്കുകയും സമീപം കിടന്ന കാർ അടിച്ചു തകർക്കുകയും ചെയ്ത സംഭവത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ കേസിൽ ആരെയെങ്കിലും പ്രതി എന്നു സംശയിക്കുന്നുണ്ടോ;